# ഇംപാക്ട് റാങ്കിങ്ങിൽ അമൃത ഒന്നാം സ്ഥാനത്ത്

**കരുനാഗപ്പള്ളി:** ടൈംസ് ഹയർ എഡ്യുക്കേഷന്റെ ഈ വർഷത്തെ ഇംപാക്ട് റാങ്കിങ്ങിൽ രാജ്യത്തെ ഒന്നാമത്തെ സർവകലാശാലയായി അമൃത വിശ്വവിദ്യാപീഠം. ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിരവികസന സൂചികകളുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി നിർണയിക്കുന്ന റാങ്കിങ്ങിൽ ആഗോളതലത്തിൽ ആദ്യ അമ്പതിലും അമൃത വിശ്വവിദ്യാപീഠം ഇടം പിടിച്ചു. ആഗോള റാങ്കിങ്ങിൽ 41-ാം സ്ഥാനത്താണ് അമൃത.

148 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് ഏറ്റവും കൂടുതൽ പങ്കാളിത്തമുള്ള രാജ്യമെന്ന നേട്ടം ഭാരതവും സ്വന്തമാക്കി. വിവിധ വിഭാഗങ്ങളിൽ നൂറിൽ നൂറ് മാർക്ക് നേടിയാണ് അമൃത നേട്ടം കൈവരിച്ചത്.

അമൃത സർവകലാശാലയിലെ വിദ്യാർത്ഥികൾ ഗവേഷണ പാഠ്യപദ്ധതിയുടെ ഭാഗമായി രാജ്യത്തെ ഗ്രാമീണ ജനതയുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നടത്തുന്ന ലിവ്- ഇൻ- ലാബ്സ് പദ്ധതിയിലൂടെ രാജ്യത്തെ 25 സംസ്ഥാനങ്ങളിലായി 150 തിലധികം പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ മാതൃകയെ ലോക സമ്പദ്‌വ്യവസ്ഥാ ഫോറം ഏറ്റവും മികച്ച സുസ്ഥിര വിദ്യാഭ്യാസ മാതൃകയായി ഉയർത്തിക്കാട്ടിയിട്ടുണ്ട്.



**അമൃത സർവകലാശാലയുടെ ഗവേഷണ പാഠ്യപദ്ധതിയായ ലിവ്- ഇൻ- ലാബ്സിലെ വിദ്യാർത്ഥികളും ഗവേഷകരും ഗ്രാമവാസികളോടൊപ്പം**